# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 6667      04.04.2018-ൽമറുപടിക്ക്

## ദേശീയ നൈപുണ്യ തൊഴിലവസര പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ**<br>**ശ്രീമതി സി.കെ. ആശ** | പ്രൊഫ: സി. രവീന്ദ്രനാഥ്<br><br>(വിദ്യാഭ്യാസ വകുപ്പ മന്ത്രി ) |
| എ) ദേശീയ നൈപുണ്യ തൊഴിലവസര പദ്ധതി (എൻ.എസ്.ക്യു.എഫ്) വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. അറിവ്, വൈദഗ്ദ്ധ്യം, കഴിവുകൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള നൈപുണ്യ യോഗ്യതാ മാനദണ്ഡങ്ങളടങ്ങിയ ചട്ടക്കൂടാണ് നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് (എൻ എസ് ക്യുഎഫ്). രാജ്യത്ത് നടത്തുന്ന എല്ലാ തൊഴിൽ പരിശീലന വിദ്യാഭ്യാസവും കോഴ്സുകളും നിർബന്ധമായും എൻ.എസ്. ക്യു.എഫ് അനുസരിച്ചുള്ളതായിരിക്കണം. എല്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനങ്ങളും അവരുടെ വിവിധ കോഴ്സുകളിലേക്കുള്ള പ്രവേശന യോഗ്യതാ മാനദണ്ഡങ്ങൾ എൻ. എസ്. ക്യൂ. എഫിന്റെ യോഗ്യതാ ലെവലുകൾക്കനുസരിച്ച് (ലെവൽ ഒന്ന് മുതൽ 10 വരെ) പരിഷ്കരിക്കേണ്ടതാണ് . നിലവിൽ വോക്കേഷണൽ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ കോഴ്സുകൾ പരിഷ്കരിച്ച് എൻ. എസ്.ക്യൂ. എഫ് ചട്ടക്കൂടിലേക്ക് മാറേണ്ടുന്നതാണ്. കേരളത്തിൽ പോളി ടെക്നിക്കുകൾ ഐ.ടി.ഐ എന്നീ സ്ഥാപനങ്ങൾ ഇത്തരത്തിൽ എൻ .എസ് .ക്യൂ. എഫി ലേക്ക് മാറിയിട്ടുണ്ട്. |
| ബി) നിലവിലുള്ള വിവിധ വിദ്യാഭ്യാസ സമ്പ്രദായങ്ങളിലെ വ്യത്യസ്ത സിലബസുകളിൽ പഠിച്ച് കിട്ടുന്ന യോഗ്യതകളും സർട്ടിഫിക്കറ്റുകളും ഏകീകരിക്കുന്നതിന് നിർദ്ദേശമുണ്ടോ; വ്യക്തമാക്കുമോ; | ബി) നിലവിലുള്ള വിവിധ തൊഴിൽ വിദ്യാഭ്യാസ സമ്പ്രദായങ്ങളിൽ പഠിച്ചു കിട്ടുന്ന യോഗ്യതകളും സർട്ടിഫിക്കറ്റുകളും എൻ. എസ്.ക്യു.എഫ് സമ്പ്രദായത്തിൽ ഏകീകരിക്കപ്പെട്ടിട്ടുണ്ട്. |

സി) ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള തയ്യാറെടുപ്പുകളെക്കുറിച്ച് വിശദമാക്കാമോ?

സി) സ്കൂൾ വിദ്യാഭ്യാസത്തിനോടൊപ്പം തൊഴിലധിഷ്ഠിത കോഴ്സുകൾ കൂടി പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 2018-2019 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത സ്കൂളുകളിൽ ദേശീയ തൊഴിൽ നൈപുണ്യ പദ്ധതി (എൻ.എസ്.ക്യൂ.എഫ്) പ്രകാരമുള്ള കോഴ്സുകൾ നടപ്പിലാക്കുന്നതിന് വേണ്ട പ്രാരംഭ പ്രവർത്തനങ്ങൾ വി.എച്ച്.എസ്.ഇ ഡയറക്ടറുമായി കൂടി ആലോചിച്ച് പ്രാഥമിക നടപടികൾ സ്വീകരിയ്ക്കുന്നതിന് എസ്.സി.ഇ.ആർ.ടി.ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് എൻ.എസ്.ക്യു.എഫ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 49-ാം സംസ്ഥാന കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി നിശ്ചയിച്ച സബ് കമ്മിറ്റിയുടെ ശുപാർശകൾ പ്രകാരമുള്ള അനുബന്ധ പ്രവർത്തനങ്ങൾ എസ്.സി.ഇ.ആർ.ടി ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ